(ഡി) വ്യവസായങ്ങൾ അടച്ചു പൂട്ടിയതിന്റേയും പ്രവർത്തനരഹിതമായതിന്റേയും ഫലമായി മൊത്തം എത്ര പേർക്ക് ഇതിനകം തൊഴിൽ നഷ്ടപ്പെടുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ ഓരോന്നായി അടച്ചുപൂട്ടികൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. എന്നാൽ ചില വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ വരുന്ന 32 വ്യവസായ സ്ഥാപനങ്ങളും ചെറുകിട വ്യവസായ മേഖലയിൽ (സ്വകാര്യ മേഖല) ഏകദേശം 1860 യൂണിറ്റുകളും അടച്ചുപൂട്ടിയിട്ടുണ്ട്. പൊതുമേഖലയിൽ 9 വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളിൽ 3119 പേർക്കും, ചെറുകിട മേഖലയിൽ 5710 പേർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിൽ 1994 മുതൽ 3810 ജീവനക്കാർക്ക് വി. ആർ. എസ്. നൽകുകയോ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

*10 [100] ശ്രീ. എ. കെ. ബാലൻ:
,, മത്തായി ചാക്കോ:
,, പി. ജയരാജൻ:
,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ക്രെഡിറ്റ് സ്ഥാപനങ്ങളിലെ കുടിശ്ശികക്കാർക്ക് ഏർപ്പെടുത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന-ജില്ലാ-പ്രാഥമിക വായ്പ, സംഘങ്ങളിൽ ഏത് തീയതി മുതൽ കുടിശ്ശികയായിട്ടുള്ള വായ്പകൾക്കാണ് സ്കീം ബാധകമായിട്ടുള്ളത്;

(സി) കാർഷിക വ്യാവസായിക മേഖലയിലെ പ്രതിസന്ധിമൂലം യഥാർത്ഥത്തിൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിനുതകുന്ന നടപടികൾ സ്വീകരിക്കുമോ;

† അനുബന്ധം-II & II(a).

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തിപ്പിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാന-ജില്ലാ-പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ 27-9-2001 തീയതിയിലെ 35/01-ാം നമ്പർ സർക്കുലർ പ്രകാരം 31-3-2001-വരെ കുടിശ്ശികയായ വായ്പകൾ 31-3-2002-നുള്ളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ അനുമതി നൽകിയിരുന്നു. നബാർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ 31-3-2000-ൽ എൻ. പി. എ. ആയ (മൂന്നു വർഷത്തിലധികം കുടിശ്ശികയുള്ള) വായ്പകൾക്കും, റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം അർബൻ സഹകരണ ബാങ്കുകളിൽ 31-3-2001-വരെ കുടിശ്ശികയുള്ള വായ്പകൾക്കും, പിന്നീട് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ 31-3-2002 വരെ കുടിശ്ശികയായ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഈ പദ്ധതി പ്രകാരം 677 കോടി രൂപ സംഘങ്ങൾക്ക് പിരിഞ്ഞു കിട്ടിയിട്ടുണ്ട്. പലിശ കുറയ്ക്കുകയും പിഴപ്പലിശ ഒഴിവാക്കുകയും ചെയ്തതുവഴി 3.70 ലക്ഷം പേർക്ക് 56 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പ് എല്ലാ സഹായങ്ങളും പ്രോത്സാഹനവും നൽകുന്നുണ്ട്.

നിർമ്മാണത്തൊഴിലാളി സെസ്സ്

*11 [101] ശ്രീ. എം. പി. ഗംഗാധരൻ:
,, എ. പി. അനിൽകുമാർ:
,, ഡി. സുഗതൻ:
,, പി. ടി. തോമസ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തു തുകവരെ ചെലവുവരുന്ന വർക്കുകളെയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly